പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1873 07.12.2015 ൽ മറുപടിയ്ക്ക്

## ജനസമ്പർക്ക പരിപാടികളിലൂടെയുള്ള ചികിത്സാ സഹായം

ചോദ്യം
ശ്രീ.പി.തിലോത്തമൻ

മറുപടി
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) ജനസമ്പർക്ക പരിപാടികളിൽ ചികിത്സാ സഹായത്തിനുള്ള അപേക്ഷകളോടൊപ്പം സമർപ്പിക്കപ്പെടുന്ന രേഖകളുടെ ആധികാരികത പരിശോധിക്കുന്നത് എപ്രകാരമാണെന്ന് പറയാമോ; | എ) ജനസമ്പർക്ക പരിപാടികളിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ സ്ക്രീനിംഗ് കമ്മിറ്റിയാണ് രേഖകളുടെ ആധികാരികത പരിശോധിക്കുന്നത്. ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ തഹസിൽദാർ മുഖേന അന്വേഷണം നടത്തി ആവശ്യമായ കേസ്സുകളിൽ, ജില്ലാഓഫീസർമാർ മുഖേനയും അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിലും ധനസഹായം അനുവദിക്കുന്നു. രജിസ്ട്രേഷൻ സമയത്ത് ഹജരാക്കുന്ന ആധാർ കാർഡ്, ID കാർഡ് എന്നീ രേഖകളുടെയും അപേക്ഷയോടൊപ്പം ഹാജരാക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുടെയും അടിസ്ഥാനത്തിലുമാണ് ആധികാരികത പരിശോധിക്കുന്നത്. |
| ബി) പലതവണ ഒരാൾ തന്നെ ചികിത്സാ സഹായം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചാൽ അതോടൊപ്പം സമർപ്പിക്കപ്പെടുന്നത് ഒരേ രേഖകളുടെ പകർപ്പുകളാണെങ്കിലും വ്യത്യസ്ഥമായ തുക അനുവദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം സംഭവിക്കാതിരിക്കുവാൻ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | ബി) ഒന്നിൽ കൂടുതലുള്ള അപേക്ഷകളിൽ ധനസഹായം അനുവദിച്ചാൽ അനുവദിച്ച തുകകളിൽ കൂടിയ തുക കക്ഷിക്ക് നൽകുന്നതും മറ്റുള്ള അപേക്ഷകൾ നിരസിക്കുന്നതുമാണ്. ചികിത്സാധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്. ഒരാൾക്ക് ഒരേ ആവശ്യത്തിന് ഒന്നിൽ കൂടുതൽ തവണ ധനസഹായം ലഭിക്കുന്നില്ലെന്ന് ബന്ധപ്പെട്ട തഹസിൽദാർമാർ മുഖാന്തിരം പരിശോധന നടത്തി ഉറപ്പാക്കുന്നുണ്ട്.<br><br>....2 |

| | |
|---|---|
| | അപേക്ഷയുടെ ഇരട്ടിപ്പ് കണ്ടു പിടിക്കുന്നതിന് പ്രത്യേകം സോഫ്റ്റ് വെയർ 'കരുതൽ 2015' ൽ C-DIT മുഖേന ലഭ്യമാക്കിയിരുന്നു. ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് മുഖേനയും ഇരട്ടിപ്പ് കണ്ടുപിടിക്കാൻ കഴിയുന്നതാണ്. |
| സി) വിവിധ രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ആളുകൾ സമർപ്പിക്കുന്ന ഒരേ അപേക്ഷകന്റെ ഒരേ രോഗത്തിനുള്ള ചികിത്സാ സഹായത്തിനുള്ള അപേക്ഷകളിൽ വ്യത്യസ്ത തുകയാണ് അനുവദിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുന്നതെന്ന് പറയാമോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ഡി) ചെലവേറിയ ചികിത്സ വേണ്ട ക്യാൻസർ പോലെയുള്ള അസുഖങ്ങൾക്ക് ചെറിയ തുകമാത്രം അനുവദിച്ച് അപേക്ഷകരെ പരിഹസിക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ രോഗത്തിന്റെ ഗൗരവത്തിനും രോഗിയുടെ സാമ്പത്തിക സ്ഥിതിയ്ക്കും അനുസൃതമായി സഹായധനം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | ഡി) ചികിത്സാ സഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൽ രോഗത്തിന്റെ ഗൗരവം, രോഗിയുടെ പ്രായം, ചികിത്സാചെലവ്, സാമ്പത്തിക സ്ഥിതി തുടങ്ങിയവ കണക്കിലെടുത്താണ് ധനസഹായം അനുവദിക്കാറുള്ളത്. |

സെക്ഷൻ ഓഫീസർ